നിയമിച്ചിരുന്നു. കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(എഫ്) കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജലമലിനീകരണം ഒഴിവാക്കുന്നതിന് ന്യൂട്രലൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് പ്രവർത്തിക്കുന്നതുമൂലമുള്ള മലിനീകരണപ്രശ്നങ്ങളും മറ്റ് അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് തദ്ദേശവാസികളുടെ പ്രതിനിധികളും കമ്പനി മാനേജ്മെന്റും തമ്മിൽ സർക്കാർതലത്തിൽ 22.2.2000-ൽ ഒരു ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായുമലിനീകരണം അനുവദനീയമായ തോതിലാണോ എന്ന് പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ടി.ടി.പി. പുറംതള്ളുന്ന മലിനജലം സംസ്ക്കരിക്കുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങളാണ് നിലവിലുള്ളത്.

1. മലിനജലം ശുദ്ധജലമായി ചേർത്ത് 2% ആസിഡ് വീര്യമാക്കി നേർപ്പിച്ചുവിടുന്നു.

2. ഖരവസ്തുക്കൾ ഫിൽറ്റർപ്രസ്സ് ഉപയോഗിച്ച് വേർതിരിക്കുകയും പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്യുന്നു.

3. ഫിൽറ്റർ പ്രസ്സിൽനിന്നും കിട്ടുന്ന ആസിഡ് വീണ്ടും പ്രോസ്സസിൽ ഉപയോഗിക്കുന്നതിനുള്ള സംവിധാനം.

(ഐ) ഉണ്ട്.

(ജെ) ഇല്ല. ന്യൂട്രലൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ചെറികട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

107 (1344) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ;

(ബി) വനിതാ സഹകരണ സംഘങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർ നടത്തുന്ന സഹകരണസംഘങ്ങൾക്കും പ്രവർത്തന മൂലധനമായി വ്യവസായ വകുപ്പ് സാമ്പത്തികസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഒരു പഞ്ചായത്തിൽ ഒരു വ്യവസായ യൂണിറ്റെങ്കിലും ആരംഭിക്കണമെന്നുള്ള പദ്ധതിപ്രകാരം എത്ര പഞ്ചായത്തുകളിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21.5.96 മുതൽ 31.1.2000 വരെ 72,195 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	7462
കൊല്ലം	-	6935
പത്തനംതിട്ട	-	4105
ആലപ്പുഴ	-	6546
കോട്ടയം	-	7425
ഇടുക്കി	-	1748
എറണാകുളം	-	8742
തൃശ്ശൂർ	-	7277
പാലക്കാട്	-	6300
മലപ്പുറം	-	3571
കോഴിക്കോട്	-	5410
വയനാട്	-	1306
കണ്ണൂർ	-	3463
കാസർഗോഡ്	-	1896

(ബി) നൽകുന്നുണ്ട്. വനിതാ വ്യവസായ സഹകരണസംഘങ്ങൾക്ക് പരമാവധി രണ്ടര ലക്ഷം രൂപ എന്ന കണക്കിൽ ഓഹരി മൂലധനത്തിന്റെ ആറ് ഇരട്ടി അനുവദിക്കുന്നു. രണ്ടരലക്ഷം എന്നത് മൂന്നരലക്ഷം രൂപയാക്കാൻ നടപടി എടുത്തുവരുന്നു.

1999-2000 സാമ്പത്തികവർഷത്തിൽ വ്യവസായ സഹകരണ സംഘങ്ങൾക്ക് പദ്ധതിവിഹിതത്തിൽ 10 ലക്ഷം രൂപ ഭരണനിർവ്വഹണ/യന്ത്രസാമഗ്രികൾക്കുള്ള സഹായധനമായും 55 ലക്ഷം രൂപ വ്യവസായ സഹകരണസംഘങ്ങൾക്കുള്ള ഓഹരിമൂലധനമായി നൽകുന്നതിനുവേണ്ടിയും രജിസ്റ്ററിൽ വക കൊള്ളിച്ചിരിക്കുന്നു. വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്ക് ഈ തുകയിൽനിന്നും ഒരുഭാഗം വിനിയോഗിക്കുന്നു.

പട്ടികജാതിക്കാർ നടത്തുന്ന സഹകരണസംഘങ്ങൾക്ക് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഓഹരിമൂലധനവും പ്രവർത്തനമൂലധനവും നൽകുന്നു. പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി സഹകരണസംഘങ്ങൾക്ക് 1999-2000 വർഷത്തിൽ 15 ലക്ഷം രൂപ ഓഹരി വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു. എന്നാൽ പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്കു വേണ്ടി നടപ്പിലാക്കി വരുന്ന പ്രത്യേക ഘടക പദ്ധതിക്ക്) 97-98 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി) ചെറുകിട വ്യവസായ മേഖലയിൽ 21.5.98 മുതൽ 31.1.2000 വരെ 72,195 യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റുകൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തുടങ്ങി എല്ലാ പ്രദേശങ്ങളിലുമായിട്ടാണ് സ്ഥാപിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly